"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ സീനിയർ ക്ലർക്ക് ആയ ശ്രീമതി മിനി എസ്.-ന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യ.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.1752/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/09/2020

---

പരാമർശം:- 1. ശ്രീമതി മിനി എസ്. സമർപ്പിച്ച 10.01.2019 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.12.2019, 22.02.20 2 0 തീയതികളിലെ ഇ17-9457/2019/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ 23.11.2019 ലെ സി3/19662/2019 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സീനിയർ ക്ലർക്ക് ആയ ശ്രീമതി മിനി എസ്.-ന്റെ പിതാവിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പത്തനംതിട്ട ക്രിസ്ത്യൻ മിഷൻ ആശുപത്രിയിൽ 15/12/2018 08/01/2019 കാലയളവിൽ ചെലവായ 35,072/- രൂപ (മുപ്പത്തി അയ്യായിരത്തി എഴുപത്തി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം:2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2 . ശ്രീമതി മിനി എസ്.- ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 12,818/ - രൂപ (പന്ത്രണ്ടായിരത്തി എണ്ണൂറ്റി പതിനെട്ട് രൂപ മാത്രം) ആണെന്ന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സീനിയർ ക്ലർക്ക് ആയ ശ്രീമതി മിനി എസ്.-ന്റെ പിതാവിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് പത്തനംതിട്ട ക്രിസ്ത്യൻ മിഷൻ ആശുപത്രിയിൽ 15/12/2018 -08/01/2019 കാലയളവിൽ ചെലവായ തുകയിൽ പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 10,254/ - രൂപ (പതിനായിരത്തി ഇരുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം .

**ഗോപകുമാർ യു**

**അണ്ടർ സെക്രട്ടറി**

1. ശ്രീമതി മിനി എസ്., സീനിയർ ക്ലർക്ക്

*(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*

2. ചീഫ് എഞ്ചിനീയർ. തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (23-09-2020ലെ 1565707/L3/298/2019-Finനമ്പർ കുറിപ്പ് പ്രകാരം)
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SREEKANTH G

Date: 2020.09.26 22:48:57 IST

Reason: Approved

സെക്ഷൻ ഓഫീസർ